II ഇ.ബി. XIII കേരള നിയമസഭ/II-21

പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2011 നവംബർ 03, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**83 (*721) തോട്ടം തൊഴിലാളികൾക്ക് ആശ്വാസ നടപടികൾ**

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) നൽകിയ മറുപടിയിൽ, പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളി കളുടെ ആരോഗ്യപരിപാലനം, ലയങ്ങളിൽ കുടിവെള്ളം, വൈദ്യുതി എന്നിവ ലഭ്യമാക്കൽ, കുട്ടികളുടെ വിദ്യാഭ്യാസത്തിനും പെൺമക്കളുടെ വിവാഹത്തിനും മാരകരോഗം ബാധിച്ചവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും ധനസഹായം, ഓണക്കാലത്ത് എക്സ്ഗ്രേഷ്യാ തുടങ്ങിയ ആശ്വാസ നടപടികൾ നടപ്പിലാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. വിവിധ ആനുകൂല്യങ്ങളുടെ കുടിശ്ശിക ഇനത്തിൽ 10 ലക്ഷം രൂപയും ഈ ഗവൺമെന്റ് വിതരണം ചെയ്തിട്ടുണ്ട്. തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കാനും തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകി അവരെ ഈ മേഖലയിൽത്തന്നെ നില നിർത്താനും നടപടി സ്വീകരിക്കുന്നതാണ്. അതിന്റെ ഭാഗമായി ഒരു

ഹൗസിംഗ് പ്രോജക്ട് കൊണ്ടുവരുന്നതു സംബന്ധിച്ച് ആലോചിക്കുന്നതാണ്. ഇടുക്കി ജില്ലയിൽ മൂന്നും പാലക്കാട് ജില്ലയിൽ എട്ടും തോട്ടങ്ങൾ പൂട്ടിക്കിടക്കുകയാണെന്നും ഉല്പന്നങ്ങളുടെ വിലനിലവാരത്തകർച്ച, ഉല്പാദന ച്ചെലവിലുണ്ടായ വർദ്ധന, ഉല്പാദനക്ഷമതക്കുറവ്, മാനേജ്മെന്റുകളുടെ സാമ്പത്തിക ദുരുപയോഗം, EFL പരിധി, ലീസ് പീരിയഡ് എന്നിവയാണ് തോട്ടങ്ങൾ പൂട്ടാനുണ്ടായ കാരണങ്ങളെന്നും അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തനസജ്ജമാക്കുന്നതിന് വിവിധ തലങ്ങളിൽ അനുരഞ്ജന നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പീരുമേട് ടീ കമ്പനി തുറന്നു പ്രവർത്തിപ്പിക്കുന്നതു സംബന്ധിച്ച് ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. ബോണക്കാട് എസ്റ്റേറ്റ് ഇപ്പോൾ ഭാഗികമായി തുറന്നു പ്രവർത്തിക്കുന്നുണ്ട്. ഉല്പന്നങ്ങളുടെ വിലത്തകർച്ചകൊണ്ടും തൊഴിലാളികൾക്ക് കൂലി വർദ്ധിപ്പിക്കാൻ തോട്ടമുടമകൾ തയ്യാറാകാത്തതുകൊണ്ടും തോട്ടം മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് കൂട്ടായ ചർച്ചയുടെ ആവശ്യമുണ്ടെന്നും പ്ലാന്റേഷൻ ലേബർ ആക്ടിന്റെ അപാകതകൾ പരിഹരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ ഉപസമിതി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതു സംബന്ധിച്ചും EFL പരിധിയിൽ വരുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതു സംബന്ധിച്ചും ഈ മാസം 30-ാം തീയതി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടക്കുന്ന യോഗത്തിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്. നെല്ലിയാമ്പതിയിൽ സർക്കാർ ഏറ്റെടുക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ പുനരധിവാസം, ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച് വനം വകുപ്പുമന്ത്രിയുമായും ജന

പ്രതിനിധികളുമായും ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്. തൊഴിലാളികൾക്ക് ഗ്രാറ്റ്യുവിറ്റിയായി പണം നൽകാനില്ലെങ്കിൽ പകരം ഭൂമി നൽകണമെന്ന കരാറിന്റെ മറവിൽ ഭൂമി മറിച്ചുവിൽക്കുന്ന സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു. സർക്കാർ നയത്തിനെതിരായി എസ്റ്റേറ്റ് മറിച്ചുവിൽക്കുന്നതിനെതിരെ നിയമപരമായി നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് റവന്യൂ വകുപ്പുമന്ത്രി വ്യക്തമാക്കി.

**84 (*722) <u>സഹകരണ മേഖലയിലെ നെല്ല് സംഭരണം</u>**

സഹകരണ വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, സഹകരണ മേഖലയിലെ നെല്ല് സംഭരണ/സംസ്ക്കരണ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതിപ്രകാരം കോട്ടയം ജില്ലയിലെ നീണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക്, എറണാകുളം ജില്ലയിലെ പള്ളിയാക്കൽ സർവ്വീസ് സഹകരണ ബാങ്ക്, തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സഹകരണ ബാങ്ക്, വയനാട് ജില്ലയിലെ തിരുനെല്ലി സർവ്വീസ് സഹകരണ ബാങ്ക് എന്നിവയ്ക്ക് ഒരു കോടി രൂപ വീതം ധനസഹായം നൽകി നെല്ല് സംസ്ക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഇത്തരം സഹകരണ സംഘങ്ങൾക്ക് സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. സർക്കാരിന്റെ ഒരു വർഷത്തെ കർമ്മ പരിപാടിയിലുൾപ്പെടുത്തി ധനസഹായം നൽകുന്നതിനായി തൃശ്ശൂർ ജില്ലാ നെല്ല് വിപണന സംസ്ക്കരണ സഹകരണ സംഘം ക്ലിപ്തം നം. ആർ. 923-നെ തെരഞ്ഞെടുത്തിട്ടുണ്ട്. സംഘത്തിന്റെ നിലവിലുള്ള അരി

മില്ലിന്റെ പുനരുദ്ധാരണത്തിനായി ഒരു കോടി രൂപ ധനസഹായം നൽകുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. സഹകരണ സംഘങ്ങൾ വഴി സംഭരിക്കുന്ന നെല്ല് കൺസ്യൂമർ ഫെഡ് പ്രോസസ്സ് ചെയ്ത് അരിയാക്കി വിതരണം ചെയ്യുന്നുണ്ട്. നെല്ല് സംഭരണം നടത്തിയ വകയിൽ സഹകരണ സംഘങ്ങൾക്ക് സർക്കാർ നൽകാനുള്ള കുടിശ്ശിക നൽകുന്നതിനും ഈ മേഖലയിലെ നെല്ല് സംഭരണ ശാലകൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കൊട്ടാരക്കര മണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിൽ സഹകരണ മേഖലയിൽ നെല്ല് സംഭരണ/സംസ്ക്കരണ യൂണിറ്റും പച്ചക്കറി വിപണന കേന്ദ്രവും ആരംഭിക്കുന്നതു സംബന്ധിച്ച് കൃഷി വകുപ്പുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. കാർഷിക രംഗത്തെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് കൃഷി/സഹകരണ വകുപ്പുകൾ സംയോജിച്ച് പ്രവർത്തിക്കണമെന്നുള്ളതാണ് സർക്കാരിന്റെ നയം. ചേലക്കരയിൽ എസ്.സി./എസ്.ടി. വിഭാഗക്കാർക്കുവേണ്ടി സ്ഥാപിച്ചതും ഇപ്പോൾ അടഞ്ഞുകിടക്കുന്നതും റിവൈവ് ചെയ്യാൻ കഴിയാത്തതുമായ മിൽ മറ്റേതെങ്കിലും സംവിധാനത്തിൽ പ്രവർത്തിപ്പിക്കാൻ കഴിയുമോയെന്ന് തൃശ്ശൂർ ജില്ല പഞ്ചായത്തുമായി ആലോചിക്കുന്നതാണ്. 2010-11 സാമ്പത്തിക വർഷത്തിൽ സഹകരണ മേഖലയിൽ നെൽക്കർഷകർക്ക് 158.77 കോടി രൂപ വായ്പ നൽകിയിട്ടുണ്ടെന്നും ഇപ്പോൾ പരിധിയില്ലാതെ പലിശ രഹിത വായ്പ നൽകിവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

85 (*723) <u>ഹരിതശ്രീ</u>

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) നൽകിയ മറുപടിയിൽ, സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖേന 2007-08-ൽ നടപ്പിലാക്കിയ പച്ചക്കറി വികസന പദ്ധതി യായ ഹരിതശ്രീയുടെ തുടർച്ചയായി 2008-09 മുതൽ ജൈവ ഗ്രാമങ്ങളിലൂടെ യുള്ള പച്ചക്കറി കൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്നും 25-50 കർഷകർ അടങ്ങുന്ന ഗ്രൂപ്പുകളാണ് ജൈവ ഗ്രാമമെന്ന പേരിൽ പ്രവർത്തിക്കുന്നതെന്നും ഇത്തരം 547 ജൈവ ഗ്രാമങ്ങൾ പ്രവർത്തിക്കു ന്നുണ്ടെന്നും സഭയെ അറിയിച്ചു. ഈ പദ്ധതി വഴി ഉൽപ്പാദിപ്പിക്കുന്ന പച്ച ക്കറികൾ ഹോർട്ടിക്കോർപ്പ്, വി.എഫ്.പി.സി.കെ. തുടങ്ങിയ ഏജൻസികൾ വഴി സംഭരിച്ചു വിപണനം നടത്തുന്നുണ്ട്. കർഷക ഗ്രൂപ്പുകൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി വിപണന യൂണിറ്റുകൾ ആരംഭിക്കു ന്നതിന് ധനസഹായം നൽകുന്നുണ്ട്. കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 6 മൊത്ത വ്യാപാര വിപണികളിൽക്കൂടി പച്ചക്കറികൾ സംഭരിച്ച് വിപണനം ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ആധുനിക സംവിധാനങ്ങളോടുകൂടിയ ശീതീകരിച്ച പച്ചക്കറി സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കാൻ മുന്നോട്ടുവരുന്ന പഞ്ചായത്തുകൾക്കും ഗ്രൂപ്പു കൾക്കും സഹായം നൽകുന്നതാണ്. കൊല്ലം ജില്ല കേന്ദ്രീകരിച്ച് ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക വിപണന കേന്ദ്രം ആരംഭിക്കുന്നതാണ്. വേങ്ങേരിയിലെ സംഭരണ വിപണന കേന്ദ്രം പ്രവർത്തനക്ഷമമാക്കുന്നതിനും ശീതീകരിച്ച സംഭരണ കേന്ദ്രങ്ങൾ ആരംഭി ക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. 11 നിയോജകമണ്ഡലങ്ങൾ പ്രത്യേക കാർഷിക മേഖലയായി തെരഞ്ഞെടുത്തിട്ടുണ്ടെന്നും

എം.എൽ.എ.മാർ ചെയർമാന്മാരായി കമ്മിറ്റികൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും അടുത്ത വർഷം 140 മണ്ഡലങ്ങളിലും നിറവ് എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നതാണെന്നും പച്ചക്കറി/നെൽകർഷകർക്ക് വളത്തിന് സബ്സിഡി അനുവദിക്കുന്ന കാര്യം ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**86 (*724) <u>എംബസികളും നോർക്ക റൂട്ട്സും തമ്മിലുള്ള ബന്ധം</u>**

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) നൽകിയ മറുപടിയിൽ, പ്രവാസികളുടെ പ്രശ്നങ്ങൾ വ്യക്തികളോ മാധ്യമങ്ങളോ മുഖേന ശ്രദ്ധയിൽപ്പെടുമ്പോൾ നോർക്ക റൂട്ട്സും നോർക്ക ഡിപ്പാർട്ടുമെന്റും ഇടപെട്ട് കേന്ദ്ര പ്രവാസികാര്യ/വിദേശകാര്യ വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. അടുത്തകാലത്ത് യെമനിലും ലിബിയയിലും കലാപങ്ങൾ ഉണ്ടായപ്പോൾ അവിടത്തെ പ്രവാസികൾക്കുണ്ടായ ബുദ്ധിമുട്ടുകളിൽ ഫലപ്രദമായി ഇടപെട്ട് പരിഹാരമുണ്ടാക്കാൻ നോർക്ക റൂട്ട്സ് ശ്രമിക്കുകയുണ്ടായി. വിദേശ എംബസ്സികൾക്ക് നിർദ്ദേശങ്ങൾ നൽകാൻ അധികാരമില്ലെങ്കിലും പരാതികളെല്ലാം അതാത് എംബസികളുടെ ശ്രദ്ധയിൽകൊണ്ടുവരികയും പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. 22-10-2011 വരെ പരാതികളുൾപ്പെട്ട ഇത്തരം 75 അപേക്ഷകൾ ലഭിച്ചതിൽ 13 അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് എംബസികളിൽ നിന്നും മറുപടി ലഭിച്ചിട്ടുണ്ട്. ഗൾഫ് നാടുകളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇൻഡ്യൻ എംബസി ഇടപെടുന്നുണ്ട്. വിദേശ രാജ്യങ്ങളിലെ

നിയമങ്ങൾ സംബന്ധിച്ച് പ്രവാസി മലയാളികൾക്കാവശ്യമായ ഉപദേശം നൽകുന്നതിന് ലീഗൽ എയ്ഡ് സെൽ ആരംഭിക്കുന്നതാണ്. കാരുണ്യം, സാന്ത്വനം തുടങ്ങിയ പദ്ധതികൾ നോർക്ക റൂട്ട്സ് നടപ്പാക്കിവരുന്നുണ്ട്. വിദേശ മലയാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ഡിസംബർ മാസം 29, 30 തീയതികളിൽ തിരുവനന്തപുരത്ത് ഒരു സമ്മേളനം വിളിച്ചുകൂട്ടുന്നതാണ്. വിദേശ രാജ്യങ്ങളിൽ ജോലി തട്ടിപ്പിനിരയാകുന്ന വരുടെ കാര്യത്തിലും ഗൾഫ് നാടുകളിൽ തൊഴിൽതേടിപ്പോയി പീഡനത്തി നിരയാകുന്ന സ്ത്രീകളുടെ കാര്യത്തിലും ആവശ്യമായ നടപടികൾ സ്വീകരി ക്കാറുണ്ട്. ഗൾഫ് രാജ്യങ്ങളിലുള്ള മലയാളി സംഘടനകളുടെ ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണെന്നും വിദേശങ്ങളിൽ നിന്നും മടങ്ങിയെത്തുന്നവരെ പുനരധിവസിപ്പിക്കുന്ന കാര്യം ഗൗരവമായി പരിഗണിക്കുന്നതാണെന്നും എയർ ഇൻഡ്യ പീക്ക് ടൈമിൽ ചാർജ്ജ് വർദ്ധിപ്പിക്കുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ കേന്ദ്ര വ്യോമയാന മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടി യായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 7099 മുതൽ 7326 വരെയുള്ള ചോദ്യങ്ങളിൽ 73 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)